(ബി) (1) ചെറുകിട നാമമാത്ര കർഷകർ

(2) ഗുണഭോക്താവിന്റെ കൃഷിയോടുള്ള ആഭിമുഖ്യം

(3) നിലവിൽ ഗുണഭോക്താവിനുള്ള അടിസ്ഥാന സൗകര്യങ്ങൾ

(4) വകുപ്പിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുവർത്തിക്കാനുള്ള മനോഭാവം

(5) സമൂഹത്തിലെ ദുർബല/പിന്നോക്കാവസ്ഥ.

(സി) നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഒരേ ആളിനുതന്നെ വീണ്ടും വീണ്ടും ലഭ്യമാക്കാറില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ (ഉദാ. ട്രയലുകൾ, പ്രദർശന തോട്ടങ്ങൾ, ഉൽപ്പാദന ബോണസ് മുതലായവ) വീണ്ടും ലഭ്യമാകാറുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കൃഷി ആഫീസ്, പഞ്ചായത്താഫീസ്, കൃഷിഭവന്റെ പരിധിയിൽ വരുന്ന മറ്റു പ്രധാന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇതു സംബന്ധിച്ച വിവരം പ്രസിദ്ധപ്പെടുത്താറുണ്ട്. ഇതിനു പുറമേ കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ ഓരോ കൃഷിഭവനുകളിലും രൂപീകരിച്ചിട്ടുള്ള കാർഷിക ഉപദേശക സമിതികളുടെ അംഗീകാരവും തേടാറുണ്ട്.

കാർഷികമേഖലയിലേക്ക് തൊഴിൽരഹിത യുവാക്കളെ ആകർഷിക്കുവാൻ പദ്ധതി

43 [5497] ശ്രീ. വർക്കല കഹാർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ. മുഹമ്മദാലി:
,, ഡി. സുഗതൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലേക്ക് തൊഴിൽരഹിത യുവാക്കളെ ആകർഷിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്;

(സി) മുടക്കിയ തുകയ്ക്കുപരി ലാഭം കിട്ടുന്ന വ്യവസായമായി കൃഷിയെ മാറ്റുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) കാർഷിക മേഖലയിൽ തൊഴിൽരഹിത യുവാക്കളെ ആകർഷിക്കുവാൻ പ്രത്യേകമായി പദ്ധതികൾക്കൊന്നും രൂപം കൊടുത്തിട്ടില്ല. എങ്കിലും ഈ സാമ്പത്തിക വർഷം (2003-04) നടപ്പിലാക്കുന്ന പല പദ്ധതികളും യുവജനങ്ങൾക്ക് കാർഷിക രംഗത്ത് തൊഴിൽ ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിലുള്ളതാണ്. 2003-04 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ പദ്ധതികൾക്കായി 100.60 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് വഴി പ്രത്യക്ഷമായും പരോക്ഷമായും യുവാക്കൾക്ക് തൊഴിൽ നൽകുന്നതാണ്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

(1) കാർഷിക മേഖലയിൽ നൂതന സാങ്കേതിക സംരംഭങ്ങൾ:—നൂതന സാങ്കേതിക സംരംഭങ്ങളായ ടിഷ്യൂ കൾച്ചർ, ഗ്രീൻഹൗസ് ഉപയോഗിച്ച് പൂക്കൃഷി ജൈവകൃഷി, മണ്ണിര കമ്പോസ്റ്റ്, ജീവാണുവളങ്ങളുടെയും ജൈവ കീടനാശിനികളുടേയും ഉൽപ്പാദനം, അഗ്രോ പ്രോസസ്സിംഗ്, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കൽ തുടങ്ങിയവ അനുദിനം പ്രയോഗത്തിൽ വന്നുകൊണ്ടിരിക്കുന്നു. സർക്കാരിതര സംഘടനകൾ, രജിസ്റ്റർ ചെയ്ത കാർഷിക സംഘടനകൾ, മറ്റ് കാർഷിക വ്യവസായ സംരംഭകർ തുടങ്ങിയവർക്ക് ഈ നൂതന പരിപാടികൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശവും നൽകിവരുന്നു.

(2) കാർഷിക കയറ്റുമതി കേന്ദ്രങ്ങൾ:—കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി സംസ്ഥാനത്ത് 9 ജില്ലകളിൽ അഗ്രി എക്സ്പോർട്ട് സോൺ സ്ഥാപിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്നു. കയറ്റുമതി ചെയ്യുവാനുദ്ദേശിക്കുന്ന ഉൽപ്പന്നങ്ങളിൽ പച്ചക്കറികൾ, ഏത്തക്ക, കൈതച്ചക്ക, ഏത്തക്ക ഉപ്പേരി എന്നിവ ഉൾപ്പെടുന്നു. ഇതിനായി വിളവെടുപ്പിനുശേഷവും ഉൽപ്പന്നങ്ങൾ കേട് കൂടാതെ സൂക്ഷിക്കുവാനുള്ള സാങ്കേതിക വിദ്യ, പാക്കിംഗ് ഹൗസ് സ്ഥാപിക്കൽ, ശീതീകരണശാലകൾ തുടങ്ങിയ അത്യാധുനിക സംരംഭങ്ങൾ തുടങ്ങുവാനായി കാർഷിക വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

(3) കുരുമുളക് വികസന പദ്ധതി:—ഈ പദ്ധതിപ്രകാരം സർക്കാർ ഫാമുകളിൽ സ്ത്രീ കർഷകരുടെ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് കുരുമുളക് നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കുരുമുളക് സംസ്കരിച്ച് എടുക്കുവാനായി സർക്കാരിതര സംഘടനകൾ, സ്വാശ്രയസംഘങ്ങൾ തുടങ്ങിയവരുടെ സഹകരണത്തോടെ പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും പദ്ധതിയിൽ ലക്ഷ്യമിടുന്നു. ഇതുമൂലം യുവ കർഷകർക്ക് കാർഷിക മേഖലയിൽ തൊഴിൽ കിട്ടുവാൻ സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(4) ഫലവർഗ്ഗകൃഷി വികസന പദ്ധതി:—കയറ്റുമതി ലക്ഷ്യമിട്ടുകൊണ്ട് നേന്ത്രവാഴ, കൈതച്ചക്ക, മാതളം, മാങ്ങ, പപ്പായ, പേരയ്ക്ക തുടങ്ങിയ കൃഷികൾക്കും സാമ്പത്തിക സഹായവും, നടീൽ വസ്തുക്കൾ ഉൽപ്പാദനത്തിനായി നഴ്സറികൾ തുടങ്ങുവാനായി സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകിവരുന്നു.

(സി) കൃഷി വ്യവസായമായി മാറ്റുന്ന കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലില്ല. എങ്കിലും കാർഷിക പദ്ധതികളൊക്കെത്തന്നെ ശരിയായ വിധത്തിൽ നടപ്പാക്കിയാൽ മുടക്കിയ തുകയ്ക്കുപരി ലാഭം കിട്ടുവാൻ ഉപകരിക്കുന്നവയാണ്.

കേരളാ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ

44 [5498] ശ്രീ. വി. ബാലറാം:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, പി. ടി. തോമസ്:
,, എം. എ. ചന്ദ്രശേഖരൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പിൻവലിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഭൂമിയിൽ എന്തു കൃഷി നടത്തണമെന്ന് തീരുമാനിക്കുവാനുള്ള അധികാരം ഭൂവുടമയ്ക്ക് നൽകുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്താൻ പദ്ധതിയുണ്ടോ;

(സി) എങ്കിൽ ഈ നിയമനിർമ്മാണം എന്നേക്ക് സാധ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇരുപ്പു കൃഷി ചെയ്യാവുന്ന ഇടങ്ങളിൽ മാത്രം നെൽകൃഷി നിർബന്ധമാക്കാനുദ്ദേശ്യമുണ്ടോ;

(ഇ) എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി, ഇ) ഇക്കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly